# 5. സാങ്കേതിക പ്രയോഗങ്ങൾ

മുകളിൽ വിവരിച്ച വിശ്വാസപരവും കർമപരവുമായ പ്രമാണങ്ങളുമായി ബന്ധപ്പെട്ട നിരവധി സാങ്കേതിക പ്രയോഗങ്ങളുണ്ട് ഇസ്‌ലാമിക ദർശനത്തിൽ. ഇസ്‌ലാമിനെ സ്വന്തം ദീനായി അംഗീകരിക്കുന്ന വ്യക്തിയിൽ ഉളവാകേണ്ട ആന്തരികവും ബാഹ്യവുമായ ഫലങ്ങളെയാണവ പ്രതിനിധീകരിക്കുന്നത്. തഖ്‌വാ, ഇബാദത്, അമലുസ്സ്വാലിഹ്, ഇഹ്സാൻ, ഇഖ്‌ലാസ് എന്നിവയാണീ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടവ.

## (i) തഖ്‌വ

വിശുദ്ധ ഖുർആനിൽ 'ആമിനൂ ബില്ലാഹി' (അല്ലാഹുവിൽ വിശ്വസിക്കുവിൻ) എന്ന ആഹ്വാനം പോലെ തന്നെ സുലഭമായി കാണപ്പെടുന്ന ആഹ്വാനമാണ് 'ഇത്തഖുല്ലാ' (അല്ലാഹുവിനോട് തഖ്‌വയുള്ളവരാകുവിൻ) എന്ന ആഹ്വാനവും. കരുതൽ, കാവൽ, ജാഗ്രത, ഭയം, സൂക്ഷ്മത എന്നിങ്ങനെയാണ് തഖ്‌വാ എന്ന പദത്തിന്റെ ഭാഷാർഥം. മൗലികമായി മനുഷ്യ പ്രകൃതിയിൽ നിക്ഷിപ്തമായ ഗുണമാണ് തഖ്‌വാ. തഖ്‌വയും പാപപ്രവണതയും മനുഷ്യമനസ്സിൽ ജൻമനാ ബോധിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് ഖുർആൻ പ്രസ്താവിച്ചിരിക്കുന്നു. (ഖു. 91: 8). തഖ്‌വയുള്ളവരാകുവിൻ എന്ന് ഖുർആൻ പറയുമ്പോൾ അർഥമാക്കുന്നത് വിശ്വാസികളുടെ മനസ്സ് അല്ലാഹുവിനോടുള്ള ഭയത്താലും സ്നേഹത്താലും വിധേയത്വത്താലും പരിപുഷ്ടമാകണമെന്നാണ്. ഈമാൻ മൂലം ഉളവാകേണ്ട മനസ്സംസ്കാരമാണ് തഖ്‌വാ. തഖ്‌വ‌ാ ഇല്ലെങ്കിൽ ഈമാനും ഇബാദതുമെല്ലാം നിഷ്ഫലമാകുന്നു. മൃഗബലി എന്ന വിശിഷ്ടമായ ഇബാദതിനെ കുറിച്ചു ഖുർആൻ പറഞ്ഞു: "ബലിമൃഗത്തിന്റെ മാംസമോ രക്തമോ അല്ലാഹുവിനെ പ്രാപിക്കുന്നില്ല. മറിച്ച് അല്ലാഹുവിനെ പ്രാപിക്കുന്നത് നിങ്ങളിൽനിന്നുള്ള തഖ്‌വയാകുന്നു" (22: 37). തഖ്‌വാ കർമങ്ങളുടെ ബാഹ്യ രൂപത്തിലല്ലെന്നും മറിച്ച് മനസ്സിലാണെന്നും, പ്രവാചകനും പ്രസ്താവിച്ചിട്ടുണ്ട്.

ഈമാനിന്റെയും ഇ*ബാദതിന്റെയും ശരീഅതിന്റെയും എല്ലാം ലക്ഷ്യമായിട്ടാണ് ഖുർആൻ പലയിടത്തും തഖ്‌വയെ പരാമർശിച്ചിട്ടുള്ളത്. ഉദാ. "ഓ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനോട് തഖ്‌വയുള്ളവരായിരിക്കുവിൻ" (9: 119). "അല്ലയോ ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ പൂർവികരെയും സൃഷ്ടിച്ചവനായ നാഥന്ന് ഇബാദതു ചെയ്യുവിൻ, നിങ്ങൾ തഖ്‌വയുള്ളവരാകാൻ" (2: 21). "നാം അവതരിപ്പിച്ച ഈ വേദം അനുഗൃഹീതമാകുന്നു. അതിനെ പിൻപറ്റുവിൻ. അങ്ങനെ തഖ്‌വയുള്ളവരാകുവിൻ" (6: 155). "നിങ്ങളുടെ പൂർവികർക്കെന്നപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ളവരാകാൻ" (2: 183). "ഓ ബുദ്ധിമാൻമാരേ, പ്രതിക്രിയാ വിധികളിൽ നിങ്ങൾക്കു ജീവിതമാണുള്ളത്; നിങ്ങൾ തഖ്‌വയുള്ളവരാകാൻ വേണ്ടിയത്രെ ഈ വിധികൾ നല്കിയിട്ടുള്ളത്" (2: 179).

വിശ്വാസമില്ലാത്തിടത്ത് തഖ്‌വയില്ല. തഖ്‌വയില്ലെങ്കിൽ വിശ്വാസം നിർജീവമാകുന്നു. ഈയർഥത്തിൽ തഖ്‌വയെ ഈമാനിന്റെ പര്യായമെന്നോണവും ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി നൂഹ്, സ്വാലിഹ്, ലൂത്, ശുഐബ്, ഇൽയാസ് തുടങ്ങിയ പ്രവാചകവര്യൻമാർ അവരുടെ ജനതകളെ പ്രബോധനം ചെയ്തുകൊണ്ട് 'നിങ്ങൾ വിശ്വസിക്കുന്നില്ലേ' എന്നു ചോദിക്കുന്നതിനുപകരം നിങ്ങൾ തഖ്‌വയുള്ളവരാകുന്നില്ലേ എന്നു ചോദിച്ചതായി ഖുർആൻ ഉദ്ധരിച്ചിരിക്കുന്നു (26: 106, 124, 142, 161, 177; 37: 124).

തഖ്‌വയുടെ ആശയങ്ങൾ ഏറക്കുറെ ഉൾക്കൊള്ളുന്ന മലയാളപദം എന്ന നിലയിൽ 'ദൈവഭക്തി' എന്നാണതിനെ തർജമഃ ചെയ്യാറുള്ളത്. തഖ്‌വയുള്ളവരെ മുത്തഖി-ഭക്തൻ എന്നു വിളിക്കുന്നു. തഖ്‌വയുടെ ബാഹ്യലക്ഷണങ്ങളെ ആധാരമാക്കി ഇസ്‌ലാമിക പണ്ഡിതൻമാർ അതിനു നല്കിയിട്ടുള്ള നിർവചനം ഇങ്ങനെയാണ്: അല്ലാഹുവിന്റെ കല്പനകൾ നടപ്പിലാക്കലും അവൻ നിരോധിച്ച സംഗതികൾ വർജിക്കലുമാകുന്നു തഖ്‌വാ. പാരത്രിക രക്ഷയെ സംബന്ധിച്ച കരുതലും അല്ലാഹുവിന്റെ ശിക്ഷയെ സംബന്ധിച്ച ഭയവും അവന്റെ കല്പനകൾ അനുസരിക്കാനുള്ള ജാഗ്രതയും സൂക്ഷ്മതയും ഉള്ളവരിൽ ഈ നിർവചനം സൂചിപ്പിക്കുന്ന ഗുണമുണ്ടാവുക അനിവാര്യമാണല്ലോ.